2026
MAY
26
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# സിവിൽ സർവീസസ്: പ്രിലിമിനറി പരീക്ഷ എഴുതിയത് 5.49 ലക്ഷത്തിലധികം ഉദ്യോഗാർത്ഥികൾ

**ന്യൂഡൽഹി:** 2026ലെ ഇന്ത്യൻ ഫോറസ്റ്റ് സർവീസ് (പ്രിലിമിനറി) പരീക്ഷ ഉൾപ്പെടെ സിവിൽ സർവീസസ് (പ്രിലിമിനറി) പരീക്ഷ രാജ്യത്തുടനീളം 83 നഗരങ്ങളിലെ 2,072 പരീക്ഷാ കേന്ദ്രങ്ങളിൽ നടത്തി. പരീക്ഷയ്ക്കായി അപേക്ഷിച്ച 8,19,732 ഉദ്യോഗാർത്ഥികളിൽ താൽക്കാലിക കണക്കുകൾ പ്രകാരം ഏകദേശം 5.49 ലക്ഷം ഉദ്യോഗാർത്ഥികൾ അഥവാ 67 ശതമാനത്തോളം പേർ പരീക്ഷയെഴുതി. 2025ൽ സിവിൽ സർവീസസ് (പ്രിലിമിനറി) പരീക്ഷയ്ക്ക് അപേക്ഷിച്ച ആകെ ഒമ്പതര ലക്ഷത്തോളം ഉദ്യോഗാർത്ഥികളിൽ 61 ശതമാനത്തോളം പേർ അതായത് ഏകദേശം 5.8 ലക്ഷം ഉദ്യോഗാർഥികളാണ് പരീക്ഷ എഴുതിയിരുന്നത്. ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾ അപേക്ഷിച്ച നഗരങ്ങളിൽ ഡൽഹിയാണ് മുന്നിൽ. 144 കേന്ദ്രങ്ങളിലായി 70,885 ഉദ്യോഗാർത്ഥികളാണ് ഡൽഹിയിൽ അപേക്ഷിച്ചത്. തൊട്ടുപിന്നാലെ ഹൈദരാബാദിൽ 100 കേന്ദ്രങ്ങളിലായി 44,209 ഉദ്യോഗാർത്ഥികളുടെയും പട്നയിൽ 79 കേന്ദ്രങ്ങളിലായി 39,147 ഉദ്യോഗാർത്ഥികളുടെയും അപേക്ഷ രേഖപ്പെടുത്തി. അതേസമയം ഒരു കേന്ദ്രത്തിലെ 98 ഉദ്യോഗാർത്ഥികളുമായി ഏറ്റവും കുറഞ്ഞ അപേക്ഷ രേഖപ്പെടുത്തിയത് കാർഗിലിലാണ്. പോർട്ട് ബ്ലെയറിൽ ഒരു കേന്ദ്രത്തിൽ 270 ഉദ്യോഗാർത്ഥികളും ലേയിൽ (ലഡാക്ക്) രണ്ട് കേന്ദ്രങ്ങളിലായി 308 ഉദ്യോഗാർത്ഥികളും അപേക്ഷിച്ചിരുന്നു. പരീക്ഷയ്ക്ക് അപേക്ഷിച്ച ഉദ്യോഗാർത്ഥികളിൽ 11,224 പേർ ബെഞ്ച്മാർക്ക് ഭിന്നശേഷി (40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷി ഉള്ളവർ), ഭിന്നശേഷി (40 ശതമാനത്തിൽ താഴെ ഭിന്നശേഷിയുള്ളവർ) എന്നീ വിഭാഗങ്ങളിൽ പെട്ടവരായിരുന്നു. അന്ധത, ചലനവൈകല്യം (രണ്ട് കൈകളെയും ബാധിച്ചത്), സെറിബ്രൽ പാൾസി എന്നീ വിഭാഗങ്ങളിലെ ബെഞ്ച്മാർക്ക് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് മണിക്കൂറിന് ഇരുപത് മിനിറ്റ് വീതം അതായത് ഓരോ സെഷനിലും 40 മിനിറ്റ് അധിക സമയം നൽകി. മറ്റ് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും 40 ശതമാനത്തിൽ താഴെ ഭിന്നശേഷിയുള്ളവർക്കും എഴുതാൻ ബുദ്ധിമുട്ടുള്ളവർക്കും മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് വിധേയമായി അധിക സമയം അനുവദിച്ചിരുന്നു. പരീക്ഷയിൽ ആൾമാറാട്ടം തടയാനും പരീക്ഷാ നടത്തിപ്പിന്റെ സുതാര്യത ശക്തിപ്പെടുത്താനും ലക്ഷ്യമിട്ട് ഇത്തവണ കമ്മീഷൻ പരീക്ഷാ വേദികളിൽ ഉദ്യോഗാർത്ഥികളുടെ തത്സമയ മുഖം തിരിച്ചറിയൽ സംവിധാനം ആദ്യമായി അവതരിപ്പിച്ചു. മുഖം തിരിച്ചറിയൽ സംവിധാനം നടപ്പാക്കുകയെന്നത് ഏറ്റവും സങ്കീർണമായ പ്രവർത്തനങ്ങളിൽ ഒന്നായിരുന്നുവെന്നും അത് സുഗമമായി നടപ്പാക്കാനായത് വലിയ സംതൃപ്തി നൽകുന്ന കാര്യമാണെന്നും യുപിഎസ്സി ചെയർമാൻ ഡോ. അജയ് കുമാർ പറഞ്ഞു. സ്ഥാപനപരമായ നിർദിഷ്ട മാർഗനിർദേശങ്ങളും പരീക്ഷാ ചട്ടങ്ങളും കർശനമായി പാലിച്ച് രണ്ട് നിർബന്ധിത സെഷനുകളായാണ് പരീക്ഷ നടത്തിയത്. രാവിലെ 09:30 മുതൽ 11:30 വരെ ജനറൽ സ്റ്റഡീസ് പരീക്ഷയോടെ ആരംഭിച്ച് ഉച്ചകഴിഞ്ഞ് 02:30 മുതൽ 04:30 വരെ സിവിൽ സർവീസസ് ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് പരീക്ഷയും നടത്തി.

# ജില്ലാതല പ്രവേശനോത്സവം പേഴയ്ക്കാപ്പിള്ളി ജി.എച്ച്.എസ്.എസിൽ

**കൊച്ചി:** വേനലവധിക്ക് ശേഷം പുതിയ അധ്യയനവർഷത്തെ വരവേൽക്കാൻ ജില്ലയിലെ വിദ്യാലയങ്ങൾ പൂർണ്ണ സജ്ജം. ഈ വർഷത്തെ ജില്ലാതല സ്കൂൾ പ്രവേശനോത്സവം പേഴയ്ക്കാപ്പിള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. എംപിമാർ, എംഎൽഎമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാധാകൃഷ്ണൻ, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

ജില്ലയിലെ ആകെ 984 സ്കൂളുകളാണുള്ളത്. ഇതിൽ 375 സർക്കാർ സ്കൂളുകളും, 514 എയ്ഡഡ് സ്കൂളുകളും, 95 അൺ-എയ്ഡഡ് സ്കൂളുകളും ഉൾപ്പെടുന്നു.

കഴിഞ്ഞ അധ്യയനവർഷം ജില്ലയിൽ ആകെ 2,42,428 വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത് (സർക്കാർ: 46,531, എയ്ഡഡ്: 1,62,584, അൺ-എയ്ഡഡ്: 33,313). ഇതിൽ ഒന്നാം ക്ലാസിൽ മാത്രം ആകെ 18,342 കുട്ടികളാണ് പ്രവേശനം നേടിയത്.

# നയപ്രഖ്യാപനം മന്ത്രിസഭ അംഗീകരിച്ചു; അപു ജോൺ ജോസഫ് നിയമസഭാ ചീഫ് വിപ്പ്

**തിരുവനന്തപുരം:** ഗവർണറുടെ നയപ്രഖ്യാപനത്തിന് പ്രത്യേക മന്ത്രിസഭ അംഗീകാരം നൽകിയതായി മന്ത്രിസഭാ യോഗത്തിന് ശേഷം നടന്ന വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ അറിയിച്ചു. നിയമസഭയിലെ ചീഫ് വിപ്പായി അപു ജോൺ ജോസഫിനെ നിയമിക്കും. ഹൈക്കോടതി അഡീഷണൽ അഡ്വക്കേറ്റ് ജനറലായി അഡ്വ. കെ.സി. വിൻസെന്റിനെ നിയമിക്കുമെന്നും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനായി നിയമിതനായ ടി. അസഫ് അലിക്ക് ലോകായുക്ത സ്പെഷ്യൽ



അറ്റോർണി, കേരള സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ എന്നീ അധിക ചുമതലകൾ കൂടി നൽകിയതായും മുഖ്യമന്ത്രി പറഞ്ഞു. നിലവിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വിഷയങ്ങൾ പുതിയതായി രൂപീകരിക്കുന്ന വയോജന വകുപ്പിന്റെ കീഴിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. മഴക്കാല മുന്നൊരുക്കം വിലയിരുത്തുന്നതിനായി 27ന് രാവിലെ 10ന് ഓൺലൈനായി ബന്ധപ്പെട്ട മന്ത്രിമാർ, ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ എന്നിവർ പ്രത്യേക യോഗം ചേരും. മഴക്കാല മുന്നൊരുക്കങ്ങൾക്കുള്ള തുക ഇതിനകം തന്നെ എല്ലാ ജില്ലകൾക്കും കൈമാറിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

# കൊച്ചിൻ തുറമുഖ ദിനാഘോഷം ഇന്ന്

**കൊച്ചി:** കൊച്ചി തുറമുഖദിനാഘോഷം ഇന്ന് നടക്കും. ഉച്ചകഴിഞ്ഞ് 2.30 ന് വില്ലിങ്ടൺ ഐലന്റ് സാമുദ്രിക ഹാളിൽ നടക്കുന്ന ചടങ്ങിൽ കേരളത്തിന്റെ മുൻ ചീഫ് സെക്രട്ടറിയും കൊച്ചിൻ പോർട്ട് അതോറിറ്റി മുൻ ചെയർപേഴ്സണുമായ പോൾ ആന്റണി മുഖ്യാതിഥിയാകും. കൊച്ചിൻ പോർട്ട് അതോറിറ്റി ചെയർപേഴ്സൺ ബി കാശിവിശ്വനാഥൻ, അധ്യക്ഷത വഹിക്കും. 98ാം തുറമുഖദിനാഘോഷത്തിന്റെ ഭാഗമായി ഇന്ന് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2.30 വരെ പൊതുജനങ്ങൾക്ക് സൗജന്യമായി കപ്പൽ സന്ദർശിക്കാം. അംഗീകൃത തിരിച്ചറിയൽ കാർഡ് ആവശ്യമാണ്. 1928 മേയ് 26 ന് കൊച്ചി തുറമുഖത്ത് ആദ്യ കപ്പലായ എസ്.എസ് പദ്മ എത്തിയ ചരിത്രദിവസത്തിന്റെ ഓർമ്മപുതുക്കലാണ് തുറമുഖദിനം.

കഴിഞ്ഞ സാമ്പത്തിക വർഷം കാർഗോ, ഷിപ് ഹാൻഡിലിങ്ങിൽ മികച്ച പ്രകടനം കാഴ്ചവച്ചവർക്കുള്ള പുരസ്കാരദാനം ഇതോടനുബന്ധിച്ച് നടക്കും. കഴിഞ്ഞ വർഷം മികച്ച സേവനം കാഴ്ചവച്ച പോർട്ട് ജീവനക്കാർക്കുള്ള പുരസ്കാരവും നൽകും. തുടർന്ന് പോർട്ട് ജീവനക്കാരും കുടുംബാംഗങ്ങളും അവതരിപ്പിക്കുന്ന സാംസ്കാരിക പരിപാടികൾ അരങ്ങേറും.




# സാങ്കേതിക പ്രതിസന്ധി: സി.ബി.എസ്.ഇ.യെ സഹായിക്കാൻ ഐ.ടി വിദഗ്ദ്ധർ

**ന്യൂഡൽഹി:** സി.ബി.എസ്.ഇ.യുടെ 12ാം ക്ലാസ് ഫലപ്രഖ്യാപനത്തിന് ശേഷം പോർട്ടൽ സേവനത്തിൽ തടസം വന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളും രക്ഷിതാക്കളും ഉന്നയിച്ച ആശങ്കകളുടെ പശ്ചാത്തലത്തിൽ, പുനർമൂല്യനിർണ്ണയ പ്രക്രിയ തടസ്സമില്ലാതെ ഉറപ്പാക്കുന്നതിന് സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷനെ സഹായിക്കാൻ, മദ്രാസിലെ ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നുള്ള പ്രൊഫസർമാരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും സംഘത്തെ നിയോഗിക്കാൻ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ നിർദ്ദേശം നൽകി. സി.ബി.എസ്.ഇ.യുടെ പരീക്ഷാനന്തര സർവീസ് പോർട്ടലിലെ സാങ്കേതിക പ്രതിസന്ധികളെക്കുറിച്ചുള്ള റിപ്പോർട്ടുകളെത്തുടർന്നാണ് ഈ തീരുമാനം. ഐ.ഐ.ടി മദ്രാസിൽ നിന്നുള്ള വിദഗ്ദ്ധ സംഘം പോർട്ടൽ സംവിധാനവും സാങ്കേതിക പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുകയും, പോർട്ടലിന്റെ സ്ഥിരതയും സെർവർ പ്രവർത്തനക്ഷമതയും നിരന്തരം പരിശോധിക്കുകയും ചെയ്യും. മൊത്തത്തിലുള്ള ഐ.ടി അടിസ്ഥാന സൗകര്യങ്ങളുടെ ക്ഷമത ഈ സംഘം പരിശോധിക്കും. ലോഗിൻ ഓതന്റിക്കേഷൻ, യൂസർ ആക്സസ് സംവിധാനം, പേയ്മെന്റ് ഗേറ്റ് വേ എന്നിവ കൃത്യവും സുരക്ഷിതവുമാണെന്ന് ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾക്കാണ് മുന്തിയ പരിഗണനയെന്നും, സുതാര്യവും കാര്യക്ഷമവും വിദ്യാർത്ഥി സൗഹൃദവുമായ ഒരു സംവിധാനം ഉറപ്പാക്കുന്നതിന് മുൻഗണനാടിസ്ഥാനത്തിൽ ആവശ്യമായ എല്ലാ തിരുത്തൽ നടപടികളും സി.ബി.എസ്.ഇ. സ്വീകരിക്കണമെന്നും കേന്ദ്രമന്ത്രി നിർദേശിച്ചു.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **എറണാകുളം ഗസ്റ്റ് ഹൗസ് :** ആലിൻ ബ്രാൻഡ് നോട്ട്ബുക്കുകളുടെ പ്രകാശനം ഉച്ചയ്ക്ക് 1.30ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അനൂപ് ജേക്കബ് ആലിൻ നോട്ട്ബുക്കുകളുടെ പ്രകാശനം നിർവഹിക്കും. മേയർ മിനിമോൾ അധ്യക്ഷത വഹിക്കും. എംഎൽഎ ടി.ജെ വിനോദ്, എംപി ഹൈബി ഈഡൻ മുഖ്യാതിഥികളാകും. മാനേജിങ് ഡയറക്ടർ, സപ്ലൈക്കോ ജയകൃഷ്ണൻ വി എം ഐ എ എസ്, കൊച്ചി കോർപ്പറേഷൻ കൗൺസിലർ അഗസ്റ്റിൻ സെബാസ്റ്റ്യൻ, ജനറൽ മാനേജർ ബിജു എം യു, അരുൺ എബ്രഹാം , ഷെറിൻ ആൻ ജോൺ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

■ **എറണാകുളം ടിഡിഎം ഹാൾ :** ബാങ്ക് ജീവനക്കാരുടെ സാംസ്കാരിക സംഘടനയായ ബീമും എറണാകുളം കരയോഗവും ചേർന്ന് സംഘടിപ്പിക്കുന്ന തൃശൂർ എൻക്ലേവ് തിയറ്ററൽ കലക്ടീവിന്റെ നാടകം ' തനതു ലാവണം ' വൈകിട്ട് 6.30ന് .

■ **ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** ആഴ്ചവട്ടം അംഗങ്ങളുടെ പരിപാടികൾ വൈകിട്ട് 5.30ന്.

■ **എറണാകുളം ടൗൺ ഹാൾ :** സിഐടിയു സംസ്ഥാന കമ്മിറ്റിയും ആനത്തലവട്ടം ആനന്ദൻ പഠനഗവേഷണ കേന്ദ്രവും ചേർന്ന് എട്ടുമണിക്കൂർ ജോലി, 26,000 രൂപ കൂലി, നോയിസ സമരക്കൊടുങ്കാറ്റിന്റെ പ്രസക്തി വിഷയത്തിൽ സെമിനാർ രാവിലെ 10ന്. അഖിലേന്ത്യാ സെക്രട്ടറി എളമരം കരീം ഉദ്ഘാടനം ചെയ്യും. പ്ലാനിങ് ബോർഡ് അംഗം ഡോ.രവി രാമൻ വിഷയാവതരണം നടത്തും.

■ **എറണാകുളം ആശീർ ഭവൻ :** വിദ്യാഭ്യാസ വിചക്ഷണനും സാമ്പത്തിക വിദഗ്ദനുമായിരുന്ന പ്രൊഫ. ആന്റണി ഐസകിന്റെ പത്താം ചരമവാർഷികം . വൈകിട്ട് 5.30ന് നടക്കുന്ന അനുസ്മരണ സമ്മേളനം ഹൈക്കോടതി ജഡ്ജി എ.എ.സിയാദ് റഹ്മാൻ ഉദ്ഘാടനം ചെയ്യും. ഫൗഷേൻ പ്രസിഡന്റ് ഷാജി ജോർജ് അധ്യക്ഷത വഹിക്കും.

## പിറവം

■ **മണീട് ബി.ആർ അംബേദ്കർ കമ്മ്യൂണിറ്റി ഹാൾ :** മണീട് ഫൈനാർട്സ് സൊസൈറ്റി സംഘടിപ്പിക്കുന്ന രണ്ടാമത് രാജ്യാന്തര ചലച്ചിത്രമേള വൈകിട്ട് 6.30ന് സിനിമ നാടക സംവിധായകൻ രാജേഷ് ഇരുളം നിർവഹിക്കും. സൊസൈറ്റി പ്രസിഡന്റ് ആർ. രതീശൻ അധ്യക്ഷത വഹിക്കും. മണീട് പഞ്ചായത്ത് പ്രസിഡന്റ് ഷിജി ബിജു, എ.ഡി. ഗോപി, ഡി. പ്രേംനാഥ്, പി ജി. ഗോവിന്ദൻ നമ്പൂതിരി, കെ.പി.ജയറാം എന്നിവർ പ്രസംഗിക്കും.

## അങ്കമാലി

■ **മുക്കന്നൂർ സെന്റ് മേരീസ് ഫെറോന പള്ളി ശതാബ്ദി ഹാൾ :** ചെറുപുഷ്പ സഭാ സ്ഥാപകൻ ഫാ. ബസിലിയൂസിന്റെ 50–ാം ചരമവാർഷികത്തോടനുബന്ധിച്ച് ഫാ. ബസിലിയൂസ് പാണാട്ട് ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന സെമിനാറും അവാർഡ്ദാനവും രാവിലെ 9.30ന് മന്ത്രി റോജി എം ജോൺ ഉദ്ഘാടനം ചെയ്യും.

# കോൺവൊക്കേഷൻ സംഘടിപ്പിച്ചു



**കൊച്ചി:** പരാജയങ്ങളിൽ നിന്നും ഉയർന്ന് കടമയെക്കുറിച്ചുള്ള ഉറച്ച ബോധ്യവും ആത്മവിശ്വാസവും നേടുന്നവരാണ് വിജയിക്കുന്നതെന്ന് ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് ആന്റ് റവന്യൂ ഡിപ്പാർട്ട്മെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ് പറഞ്ഞു. ചാർട്ടേഡ് അക്കൗണ്ടന്റ് വിദ്യാർഥികളുടെ കോൺവൊക്കേഷൻ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സത്യസന്ധത, ഭരണ നൈപുണ്യം, വ്യക്തിത്വത്തിന്റെ മഹത്വം എന്നിവയാണ് നല്ല നേതൃത്വത്തിന്റെ അടിത്തറ. ജീവിതത്തിൽ ദൈവം പിന്തുണയ്ക്കുന്ന സ്വഭാവത്തോടെയും മൂല്യങ്ങളോടെയും മുന്നോട്ട് പോകാനാവണമെന്ന് അദ്ദേഹം വിദ്യാർഥികളെ ഉപദേശിച്ചു. ഭാവി ഓരോരുത്തർക്കും വ്യത്യസ്തവും അതുല്യവുമാണ്. പുതിയ ശാസ്ത്രസാങ്കേതിക വിദ്യകളും ഉയർന്ന് വരുന്ന സാങ്കേതിക മുന്നേറ്റങ്ങളും ലോകത്തെ മാറ്റിമറിക്കുകയാണ്. വ്യവസായങ്ങൾക്കും സ്ഥാപനങ്ങൾക്കും പുതിയ സാധ്യതകൾ തുറന്നുകൊടുക്കുന്ന കാലഘട്ടമാണിത്. വിപണനരംഗത്തും പുതിയ ആശയങ്ങളും പദ്ധതികളും ഉയർന്ന് വരുന്നു. ജനങ്ങളാണ് യഥാർത്ഥ ഉപഭോക്താക്കളെന്നും സമൂഹത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കിയാണ് വികസനം മുന്നോട്ട് പോകേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ബാബു എബ്രഹാം കള്ളിവയലിൽ, ബാബു എബ്രഹാം കള്ളിവയലിൽ, എസ് ഐ ആർ സി ട്രഷറർ ദീപ വർഗീസ് , എറണാകുളം ബ്രാഞ്ച് ചെയർമാൻ ജോബി ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

ഷൂട്ട്@സൈറ്റ്



**മഴയുടെ സമയം...........** *കൊച്ചിയിൽ എത്തിയ വിനോദ സഞ്ചാരികൾ മഴ ആസ്വദിച്ച് വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ കാണുന്നു. എറണാകുളം മറൈൻഡ്രൈവിൽ നിന്നുള്ള ദൃശ്യം.*

*ഫോട്ടോ: എ. എസ് സതീഷ്*

# ടെക്നോക്രാറ്റിൽ നിന്ന് സിവിൽ സർവീസിലേക്ക് ഹൃത്വിക് രഞ്ജൻ ജില്ലയുടെ അസിസ്റ്റന്റ് കളക്ടറായി ചുമതലയേറ്റു




**കൊച്ചി:** 2025 ബാച്ച് ഐ.എ.എസ്. ഉദ്യോഗസ്ഥനായ ഹൃത്വിക് രഞ്ജൻ ജില്ലയുടെ പുതിയ അസിസ്റ്റന്റ് കളക്ടറായി ചുമതലയേറ്റു. കോർപ്പറേറ്റ് ലോകത്തെ തിളക്കമാർന്ന കരിയറും മുംബൈ ഐ.ഐ.ടി.യിലെ എഞ്ചിനീയറിംഗ് ബിരുദവും നൽകിയ അവസരങ്ങൾ മാറ്റിവെച്ചാണ് ഹൃത്വിക് സിവിൽ സർവീസ് തിരഞ്ഞെടുത്തത്. ബീഹാറിലെ മുസാഫർപൂർ സ്വദേശിയായ ഹൃത്വിക്, മുംബൈ ഐ.ഐ.ടിയിൽ നിന്ന് കെമിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം നേടിയതിനു ശേഷം കുറച്ചുനാൾ ഗുഡ്ഗാവിലെ ജാപ്പനീസ് സ്ഥാപനമായ നൊമുറ കൺസൾട്ടിംഗിൽ സേവനമനുഷ്ഠിച്ചിരുന്നു. താൻ ജനിച്ചുവളർന്ന ബീഹാറിൽ, സാധാരണക്കാരുടെ ദൈനംദിന ജീവിതത്തിൽ സർക്കാരിനും ഭരണ സംവിധാനങ്ങൾക്കും വലിയ പങ്കാണുള്ളതെന്നും. ജനങ്ങൾ പല കാര്യങ്ങൾക്കും അഡ്മിനിസ്ട്രേഷനെയാണ് ആശ്രയിക്കുന്നതെന്നും കുട്ടിക്കാലം മുതൽ കണ്ട ഇത്തരം കാഴ്ചകളാണ് തന്നെ സിവിൽ സർവീസിലേക്ക് ആകർഷിച്ചതെന്നും അസിസ്റ്റൻറ് കളക്ടർ പറഞ്ഞു. ഐ.ഐ.ടി. പഠനത്തിന് ശേഷം മികച്ചൊരു പ്രൈവറ്റ് ജോലി ലഭിച്ചെങ്കിലും മനസ്സിൽ ആഗ്രഹിച്ച തൊഴിൽ സംതൃപ്തി അവിടെ കിട്ടിയില്ല. അതുകൊണ്ടാണ് ജോലി രാജിവെച്ച് പൂർണ്ണമായി യു.പി.എസ്.സി. പരീക്ഷയ്ക്കായി തയ്യാറെടുത്തത്. ആദ്യ രണ്ട് ശ്രമങ്ങളിൽ ജോലിയോടൊപ്പമാണ് പഠിച്ചതെങ്കിൽ, പിന്നീട് കഠിനപ്രയത്നത്തിലൂടെ ഐ.എ.എസ്. എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുകയായിരുന്നെന്നും അസിസ്റ്റന്റ് കളക്ടർ പറഞ്ഞു. മൂന്നാം ശ്രമത്തിൽ ഐ.ആർ.എസ്. ലഭിച്ചിരുന്നെങ്കിലും, ഐ.എ.എസ്. എന്ന ലക്ഷ്യത്തിനായി വീണ്ടും പരിശ്രമിച്ച് നാലാം ശ്രമത്തിലായിരുന്നു ഹൃത്വിക് ഐ.എ.എസ് സ്വന്തമാക്കിയത്. കേരള കേഡർ ലഭിക്കുമെന്ന് ഞാൻ കരുതിയിരുന്നില്ല. എന്റെ ജന്മനാട്ടിൽ നിന്നും ഏറെ അകലെയാണ് കേരളം. ഇവിടുത്തെ സംസ്കാരവും ജീവിതരീതിയുമെല്ലാം തികച്ചും വ്യത്യസ്തമാണ്. എന്നാൽ ഈ അവസരത്തെ ഏറെ ആവേശത്തോടെയാണ് ഞാൻ കാണുന്നത്. കേരളത്തിന്റെ ഭരണസംവിധാനത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ വലിയ സന്തോഷമുണ്ട്. എറണാകുളം ജില്ലയിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ പഠിക്കാനും, ജനങ്ങൾക്കായി മികച്ച രീതിയിൽ പ്രവർത്തിക്കാനും സാധിക്കുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം പറഞ്ഞു.

പുതിയ അസിസ്റ്റന്റ് കളക്ടർക്ക് സിവിൽ സ്റ്റേഷനിലേക്ക് ഊഷ്മളമായ വരവേൽപ്പാണ് ലഭിച്ചത്.

## ഗതാഗത നിയന്ത്രണം

**കൊച്ചി:** എറണാകുളം – ബോൾഗാട്ടി പാലത്തിന്റെ (ജിഡ ഒന്നാം പാലം) ഉപരിതല പുനർനിർമ്മാണത്തിന്റെ ഭാഗമായി ഈ റോഡിൽ ട്രാഫിക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. കാലാവസ്ഥ അനുകൂലമാണെങ്കിൽ 26, 27 ദിവസങ്ങളിൽ രാത്രി 9:00 മണി മുതൽ രാവിലെ 6:00 മണി വരെ പ്രവൃത്തി നടക്കുന്നതാണ്. നിർദ്ദിഷ്ട ദിവസങ്ങളിൽ രാത്രി 8:00 മണി മുതൽ പാലത്തിലൂടെയുള്ള വാഹന ഗതാഗതം പൂർണ്ണമായി നിരോധിച്ചിരിക്കുന്നു. കാൽനടയാത്രക്കാർക്ക് പാലത്തിന്റെ നടപ്പാതയിലൂടെ കാൽനട യാത്ര മാത്രം അനുവദിക്കുന്നതാണ്.

# കാലവർഷത്തിന് മുന്നോടിയായി അവലോകന യോഗം ഇന്ന്;

## ഉന്നതവിദ്യാഭ്യാസ മന്ത്രിയും ജനപ്രതിനിധികളും പങ്കെടുക്കും

**കൊച്ചി:** കാലവർഷം നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ഇന്ന് ഉച്ചക്ക് 2:00 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ അവലോകന യോഗം ചേരും. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ അധ്യക്ഷത വഹിക്കും. കാലവർഷവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ ഇതുവരെ സ്വീകരിച്ച നടപടികളും മുന്നൊരുക്കങ്ങളും യോഗത്തിൽ വിശദമായി വിലയിരുത്തും. ജില്ലയിൽ നിന്നുള്ള മുഴുവൻ എം.പിമാരും എം.എൽ.എമാരും, ജില്ലാ കളക്ടർ ജി. പ്രിയങ്കയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുക്കും.

# മഴ ശക്തിപ്രാപിക്കുന്നു ; സഹായത്തിന് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ സജ്ജമായി

**കൊച്ചി:** എറണാകും ജില്ലയിൽ മഴ ശക്തമാകുന്നതിനെ തുടർന്ന് സഹായത്തിനായി എമർജൻസി സെന്ററുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് ജില്ലാ ഭരണകൂടം അറിയിച്ചു. അടിയന്തര സാഹചര്യങ്ങൾ ബന്ധപ്പെടുന്നതിനായി എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഡിസ്ട്രിക്റ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ-9400021077, 0484-2423513. താലൂക്ക് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ: കൊച്ചി-0484-2215559, ആലുവ-0484-2995956, പറവൂർ: 0484-2972817, കുന്നത്തുനാട്: 0484-2522224, മൂവാറ്റുപുഴ: 0485-2991022, കോതമംഗലം: 0485-2823468, കണയന്നൂർ-0484-2944828, 0484-2360704.

# കള്ളക്കടൽ പ്രതിഭാസം; ജാഗ്രത നിർദേശം നൽകി ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം

**തിരുവനന്തപുരം:** കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം (കാപ്പിൽ മുതൽ പൊഴിയൂർ വരെ), കൊല്ലം (ആലപ്പാട്ട് മുതൽ ഇടവ വരെ), ആലപ്പുഴ (ചെല്ലാനം മുതൽ അഴീക്കൽ ജെട്ടി വരെ), എറണാകുളം (മുനമ്പം എഗ മുതൽ മറുവക്കാട് വരെ), തൃശൂർ (ആറ്റുപുറം മുതൽ കൊടുങ്ങല്ലൂർ വരെ), മലപ്പുറം (കടലുണ്ടി നഗരം മുതൽ പാലപ്പെട്ടി വരെ), കോഴിക്കോട് (ചോമ്പാല എഗ മുതൽ രാമനാട്ടുകര വരെ), കണ്ണൂർ (വളപട്ടണം മുതൽ ന്യൂമാഹി വരെ), കാസറഗോഡ് (കുഞ്ചത്തൂർ മുതൽ കോട്ടക്കുന്ന് വരെ) ജില്ലകളിലെ തീരങ്ങളിൽ മെയ് 27 രാവിലെ 05.30 മുതൽ 28 രാത്രി 11.30 വരെ 0.7 മുതൽ 1.5 മീറ്റർ വരെ ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന്

സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കന്യാകുമാരി തീരത്ത് കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി 27 ന് രാവിലെ 02.30 മുതൽ 28 ന് രാത്രി 11.30 വരെ 1.0 മുതൽ 1.5 മീറ്റർ വരെ ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കുക.

# വല്ലാർപാടം ബസിലിക്കയിൽ പരിശുദ്ധാരൂപിയുടെ തിരുനാൾ സമാപിച്ചു



**കൊച്ചി:** ചരിത്രപ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ വല്ലാർപാടം ബസിലിക്കയിൽ ഈ വർഷത്തെ പെന്തക്കോസ്ത തിരുനാളിന് ഭക്തിസാന്ദ്രമായ സമാപനം. പൊന്തിഫിക്കൽ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപതാ സഹായ മെത്രാൻ ഡോ ആന്റണി വാലുങ്കൽ മുഖ്യ കാർമ്മികനായിരുന്നു. ഫാ. ജോസ് തോമസ് Ocam പ്രസംഗിച്ചു. തുടർന്ന് നടത്തിയ ആഘോഷമായ തിരുനാൾ പ്രദക്ഷിണത്തിൽ ആയിരക്കണക്കിന് വിശ്വാസികൾ പങ്കുകൊണ്ടു. തുടർന്ന് ഉച്ചയ്ക്ക് 12 നും വൈകീട്ട് 4 നും (തമിഴ്) 5.30 നും ദിവ്യബലികൾ ഉണ്ടായിരുന്നു. മെയ് 31 നാണ് എട്ടാം തിരുനാൾ. അന്നത്തെ ദിവ്യബലിയ്ക്ക് വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ. മാത്യു കല്ലിങ്കൽ മുഖ്യ കാർമ്മികനായിരിക്കും. ഫാ. സെബി വിക്ടർ പ്രസംഗിക്കും. അൻപത് പേരടങ്ങുന്ന പ്രസുദേന്തി കൂട്ടായ്മയാണ് ഇത്തവണ തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നൽകിയത്.

ബസിലിക്ക റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്ത്, സഹ വികാരിമാരായ ഫാ.ആന്റണി ഷൈൻ കാട്ടുപറമ്പിൽ, ഫാ. ജിക്സൺ ജോണി ചേരിയിൽ, ഫാ. അമൽ ആന്റണി മാളിയേക്കൽ എന്നിവർ നേതൃത്വം നൽകി. അൻപത് പേരടങ്ങുന്ന പ്രസുദേന്തിക്കൂട്ടായ്മയാണ് തിരുനാൾ ഏറ്റെടുത്ത് നടത്തിയത്.

# ദിശ ആദ്യപാദ യോഗം ചേർന്നു

**കൊച്ചി:** എറണാകുളം ജില്ലയിൽ നടപ്പിലാക്കി വരുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ വിലയിരുത്തുന്നതിനുള്ള ജില്ലാ വികസന കോ-ഓർഡിനേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി(ദിശ)യുടെ ഈ സാമ്പത്തിക വർഷത്തിലെ ആദ്യപാദ യോഗം ചേർന്നു. എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസ് ബാങ്ക്വറ്റ് ഹാളിൽ നടന്ന യോഗത്തിൽ മെമ്പർ സെക്രട്ടിയും ജില്ലാ കളക്ടറുമായ ജി. പ്രിയങ്കയുടെ സാന്നിധ്യത്തിൽ ദിശ ജില്ലാ ചെയർമാൻ ഹൈബി ഈഡൻ എം.പി അധ്യക്ഷത വഹിച്ചു.




*ജില്ലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ വിലയിരുത്തുന്നതിനായി എറണാകുളം ഗവ. ഗസ്റ്റ് ഹൗസ് ബാങ്ക്വറ്റ് ഹാളിൽ ഹൈബി ഈഡൻ എം.പിയുടെ അധ്യക്ഷതയിലും ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ സാന്നിധ്യത്തിലും ചേർന്ന ജില്ലാ വികസന കോ-ഓർഡിനേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി(ദിശ)യുടെ യോഗത്തിൽ ഹൈബി ഈഡൻ എം പി സംസാരിക്കുന്നു.*

കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിലൂടെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിൽ ജില്ല എക്കാലവും മുന്നിൽ തന്നെയുണ്ടാകണമെന്ന് ഹൈബി ഈഡൻ എം.പി പറഞ്ഞു. പദ്ധതി നിർവ്വഹണം വേഗത്തിലാക്കാണമെന്ന് ജില്ലാ കളക്ടർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ കേരളത്തിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്ന ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയിൽ ഗ്രാമീണ മേഖലയിലെ യുവതി യുവാക്കൾക്കായി നൈപുണ്യ പരിശീലനവും അതുവഴി തൊഴിലും ഉറപ്പാക്കുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. അമൃത് മിത്ര 2.0 പദ്ധതിയിൽ ആലുവ നഗരസഭയിൽ ജവഹർലാൽ നെഹ്റു പാർക്ക് പരിപാലനം, വാട്ടർ അതോറിറ്റി മീറ്റർ റീഡിംഗ്, റവന്യൂ ബിൽ കളക്ഷൻ എന്നിവയ്ക്ക് അംഗികാരം ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നഗരസഭാതല സമിതി രൂപീകരിക്കുകയും ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടെന്നും, പദ്ധതിയ്ക്കായി കുടുംബശ്രീ വഴി 20 പേരെയും നീയമിച്ചിട്ടുണ്ടെന്ന് യോഗത്തിൽ ഉദ്യോഗസ്ഥർ അറിയിച്ചു. എം.ജി.എൻ.ആർ.ഇ.ജി.എസ്,പി.എം.എ.വൈ (ഗ്രാമീൺ), ഡി.ഡി.യു.ജി.കെ.വൈ,പി.എം.ജി.എസ്.വൈ, എം.പി.എൽ.എ.ഡി.എസ്, എൻ.യു.എൽ.എം തുടങ്ങി വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ജില്ലാതലത്തിലുള്ള വിശദമായ പുരോഗതി യോഗത്തിൽ അവലോകനം ചെയ്തു.

യോഗത്തിൽ അസിസ്റ്റന്റ് കളക്ടർ ഹൃതിക് രഞ്ജൻ,എംഎൽഎ മാരായ ടോണി ചമ്മണി, ദീപക് ജോയ്, പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വർധിക്കുന്ന റോഡപകടം; സമഗ്ര മോട്ടോർ ഇൻഷുറൻസ് പരിരക്ഷയുടെ ആവശ്യകത ശക്തമാക്കുന്നു

**കൊച്ചി:** വാഹനങ്ങളുടെ പെരുപ്പവും സംസ്ഥാനത്തിനകത്തും പുറത്തുമായുള്ള വാഹന യാത്രകളും അനുദിനം വർധിക്കുന്ന സാഹചര്യം റോഡ് അപകടങ്ങളുടെ എണ്ണം ഉയരുന്നതിനെ തുടർന്ന് വാഹന ഉടമകളുടെ സാമ്പത്തിക സുരക്ഷയും സമഗ്ര മോട്ടോർ ഇൻഷുറൻസ് പരിരക്ഷയും കൂടുതൽ നിർണായകമാകുന്ന സാഹചര്യമെന്ന് വിദഗ്ദരുടെ വിലയിരുത്തൽ. കേരളത്തിലെ മോട്ടോർ വാഹന വകുപ്പിന്റെ കണക്കുകൾ പ്രകാരം 2024ൽ സംസ്ഥാനത്ത് 48,836 റോഡ് അപകടങ്ങളാണ് റിപ്പോർട്ട് ചെയ്തത്. 2023ൽ ഇത് 48,091 ആയിരുന്നു. മരണസംഖ്യ 2023ൽ 4,080ഉം 2024ൽ അത് 3,714 ആയി കുറയുകയും ചെയ്തു. കേരള പൊലീസിന്റെ റോഡ് അപകട പോർട്ടലിൽ 2024ൽ 48,834 അപകടങ്ങളും 3,880 മരണങ്ങളും 54,796 പേർക്ക് പരിക്കുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1.7 കോടിയിലധികം വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള കേരളം ഇന്ന് രാജ്യത്തെ ഏറ്റവും കൂടുതൽ വാഹന സാന്ദ്രതയുള്ള സംസ്ഥാനങ്ങളിൽ ഒന്ന് കൂടിയാണ്. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് തുടങ്ങിയ നഗരങ്ങളിൽ വാഹനക്കുരുക്ക് രൂക്ഷമാണ്.

ശക്തമായ മഴയും വെള്ളപ്പൊക്കവും പോലുള്ളവ വാഹനങ്ങൾക്ക് എഞ്ചിൻ തകരാർ, ബ്രേക്ക് ഡൗൺ, മറ്റ് അപകടങ്ങൾ ഉൾപ്പടെയുള്ള അപകടസാധ്യതകൾ സൃഷ്ടിക്കാറുണ്ട്. ഇത്തരം സാഹചര്യങ്ങൾ അടിസ്ഥാന തേർഡ് പാർട്ടി ഇൻഷുറൻസ് പരിരക്ഷയിൽ മാത്രം ഒതുങ്ങാതെ കൂടുതൽ സമഗ്രമായ സാമ്പത്തിക സുരക്ഷ നൽകുന്ന പദ്ധതികൾ ഉറപ്പാക്കണമെന്നാണ് ചൂണ്ടികാണിക്കുന്നത്.

# സപ്ലൈകോ വില്പനശാലകൾ മെയ് 27ന് തുറന്നു പ്രവർത്തിക്കും

**കൊച്ചി:** ബക്രീദ് പ്രമാണിച്ച് സപ്ലൈകോ വില്പന ശാലകൾക്ക് മെയ് 28ന് അവധിയായിരിക്കും.

മെയ് 27ന് മെഡിക്കൽ സ്റ്റോർ ഒഴികെയുള്ള സപ്ലൈകോ വില്പന ശാലകൾ തുറന്നു പ്രവർത്തിക്കും. ബക്രീദ് പ്രത്യേക കിറ്റിന്റെ വില്പനയും മെയ് 27 വരെ നീട്ടിയിട്ടുണ്ട്.

# ഇൻക്ലൂസീവ് എഡ്യൂക്കേഷൻ: ഭിന്നശേഷിയുള്ള കുട്ടികളെ ചേർത്തു പിടിക്കണം


ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി,

**വി**ദ്യാഭ്യാസം എന്നത് കേവലം അറിവ് നേടുക എന്നതിലുപരി ഒരു കുട്ടിക്ക് സ്വയം പര്യാപ്തത നേടാനും സമൂഹത്തിന്റെ ഭാഗമാകാനുമുള്ള അവസര മാണ്. ഭിന്നശേഷിയുള്ള കുട്ടികളെ സംബന്ധിച്ചിട ത്തോളം 'ഇൻക്ലൂസീവ് എഡ്യൂക്കേഷൻ' അഥവാ ഉൾച്ചേർക്കൽ വിദ്യാഭ്യാസം വെറുമൊരു പഠനരീതിയല്ല, മറിച്ച് അവരുടെ ജീവിതം മാറ്റിമറിക്കാൻ ശേഷിയുള്ള ഒന്നാണ്.

## എന്തുകൊണ്ട് ഇൻക്ലൂസീവ് എഡ്യൂക്കേഷൻ?

സ്പെഷ്യൽ സ്കൂളുകളിൽ നിന്ന് വ്യത്യസ്തമായി, സാധാരണ കുട്ടികൾക്കൊപ്പം ഭിന്നശേഷിയുള്ള കുട്ടികളും ഒരേ ക്ലാസ് റൂമിൽ പഠിക്കുന്ന രീതിയാണിത്. ഇത് കുട്ടികൾക്ക് നൽകുന്ന പ്രധാന ഗുണങ്ങൾ എന്തൊക്കെയെന്ന് നോക്കാം:

### സാമൂഹിക വളർച്ചയും പിയർ ഇന്ററാക്ഷനും:

സ്പെഷ്യൽ സ്കൂളുകളിൽ കുട്ടികൾ ഒരേപോലെയുള്ള വെല്ലുവിളികൾ നേരിടുന്നവരുമായി മാത്രമേ ഇടപഴകുന്നുള്ളൂ. എന്നാൽ ഇൻക്ലൂസീവ് സ്കൂളുകളിൽ റെഗുലർ കുട്ടികളുമായി ഇടപഴകാൻ ഇവർക്ക് അവസരം ലഭിക്കുന്നു. ഇത് അവരുടെ സാമൂഹിക വളർച്ചയെ വലിയ രീതിയിൽ സഹായിക്കുന്നു.

### ഭാഷാ ആശയവിനിമയ ശേഷി വർദ്ധിക്കുന്നു:

മറ്റു കുട്ടികൾ സംസാരിക്കുന്നത് കേൾക്കാനും അവരോട് പ്രതികരിക്കാനും ശ്രമിക്കുന്നതിലൂടെ ഭിന്നശേ ഷിയുള്ള കുട്ടികളുടെ കമ്മ്യൂണിക്കേഷൻ സ്കിൽസ് സ്വാ ഭാവികമായി മെച്ചപ്പെടുന്നു. നേരിട്ടുള്ള സംഭാഷണങ്ങൾ അവരുടെ ഭാഷാ വികാസത്തിന് വേഗത കൂട്ടുന്നു.

### യഥാർത്ഥ ലോകത്തെ അഭിമുഖീകരിക്കാനുള്ള കഴിവ്:

ലോകം വൈവിധ്യങ്ങൾ നിറഞ്ഞതാണ്. യഥാർത്ഥ ജീവിത സാഹചര്യങ്ങളെ എങ്ങനെ നേരിടണം, മറ്റുള്ളവ രോട് എങ്ങനെ പെരുമാറണം എന്നൊക്കെ ക്ലാസ് റൂമിലെ അനുഭവങ്ങളിലൂടെ അവർ പഠിക്കുന്നു. ഇത് അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു.

### ഡൗൺ സിൻഡ്രോം, ഓട്ടിസം എന്നിവ ഉള്ളവർക്ക് എങ്ങനെ പ്രയോജനപ്പെടുന്നു?

ഓട്ടിസമോ ഡൗൺ സിൻഡ്രോമോ ഉള്ള കുട്ടികൾക്ക് ഉൾച്ചേർക്കൽ വിദ്യാഭ്യാസം നൽകുന്ന മാറ്റങ്ങൾ ശ്രദ്ധേയ മാണ്. റെഗുലർ കുട്ടികൾ ചെയ്യുന്ന കാര്യങ്ങൾ കണ്ട് പഠിക്കാൻ ഇവർക്ക് സാധി ക്കും. ഇത് അവരുടെ പെരു മാറ്റ രൂപീകരണത്തിന് (ബിഹേവിയർ മോഡിഫിക്കേ ഷൻ) സഹായിക്കുന്നു. സ്പെഷ്യൽ സ്കൂളിലെ പരി മിതമായ സാഹചര്യങ്ങളിൽ നിന്ന് മാറി വിശാലമായ സൗഹൃദവലയം ലഭിക്കുന്നത് അവരിലെ ഒറ്റപ്പെടൽ ഒഴിവാക്കും.



### പ്രയോഗിക വെല്ലുവിളികളും പരിഹാരങ്ങളും

ഇൻക്ലൂസീവ് എഡ്യൂക്കേഷൻ നടപ്പിലാക്കുമ്പോൾ ചില പ്രായോഗിക റിസ്കുകൾ നേരിടാം. ഇതിനെ അതിജീവി ക്കാൻ ചില പ്രത്യേക ക്രമീകരണങ്ങൾ ആവശ്യമാണ്. സാധാരണ ക്ലാസുകളിൽ 4050 കുട്ടികളുണ്ടാകുന്നത് ഭിന്ന



ശേഷിയുള്ള കുട്ടികൾക്ക് വേണ്ടത്ര ശ്രദ്ധ ലഭിക്കുന്നതിന് തടസ്സമാകും. അതുകൊണ്ട് കുറഞ്ഞ വിദ്യാർത്ഥി അനുപാ തവും, ഭിന്നശേഷി കുട്ടികൾക്ക് 'വൺടുവൺ' ശ്രദ്ധ നൽ കാൻ കഴിയുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സാന്നി ധ്യവും ഉറപ്പാക്കണം.

### സിലബസിലെ ഫ്ളെക്സിബിലിറ്റി

എല്ലാ കുട്ടികൾക്കും ഒരേ രീതിയിലുള്ള വർക്ക് ലോഡ് നൽകാതെ, അവരുടെ കഴിവ് അനുസരിച്ച് സിലബസ് ലഘൂകരിക്കണം. പഠിക്കാനും ഉത്തരം നൽകാനും അവർക്ക് കൂടുതൽ സമയം അനുവദിക്കണം.

### മനോഭാവത്തിലെ മാറ്റം

അധ്യാപകർക്കും മറ്റ് കുട്ടികൾക്കും ഈ മാറ്റത്തെക്കു റിച്ച് കൃത്യമായ ധാരണ നൽകണം.
ഭിന്നശേഷിയുള്ളവരെ സഹായിക്കാനും അവരെ ബഹുമാനിക്കാനുമുള്ള മനോഭാവം സഹപാഠികളിൽ വളർത്തണം.

### കൂട്ടായ പ്രവർത്തനം

ഇൻക്ലൂസീവ് എഡ്യൂക്കേഷൻ വിജയിക്കണമെങ്കിൽ അത് അധ്യാപകരുടെ മാത്രം ഉത്തരവാദിത്തമല്ല. അധ്യാപകർ, മാതാപിതാക്കൾ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ, സ്പീച്ച് ആൻഡ് ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ എന്നിവരടങ്ങുന്ന ഒരു ടീമിന്റെ പിന്തു ണ അത്യാവശ്യമാണ്. കുട്ടിയുടെ പുരോഗതി കൃത്യമാ യി നിരീക്ഷിക്കാനും ആവശ്യമായ ഗൈഡൻസ് നൽ കാനും അതിലൂടെ സാധിക്കും.
വിവേചനമില്ലാത്ത ഒരു വിദ്യാഭ്യാസ രീതിയാണ് നമുക്ക് ആവശ്യം. ഭിന്നശേഷിയുള്ള കുട്ടികളുടെ അവകാശങ്ങ ളെ മാനിച്ചുകൊണ്ട് അവരെ സമൂഹത്തിന്റെ മുഖ്യധാര യിലേക്ക്
എത്തിക്കാൻ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ അനിവാര്യ മാണ്. ഓരോ വിദ്യാലയവും ഈ മാറ്റത്തിന് തയ്യാറെടു ക്കുമ്പോൾ മാത്രമേ എല്ലാവർക്കും തുല്യമായ നീതി ഉറ പ്പാക്കാൻ നമുക്ക് സാധിക്കൂ.

*തയ്യാറാക്കിയത് :*

***ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി,***
***കൊച്ചി പ്രയത്ന ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ സ്ഥാപകൻ***

# ഗവണ്മെന്റ് അംഗീകൃത പരിശോധനാ കേന്ദ്രങ്ങളുടെ പരിധി വർധിപ്പിച്ച് ഉപഭോക്തൃകാര്യ വകുപ്പ്; സിഎൻജി, എൽഎൻജി, ഹൈഡ്രജൻ ഡിസ്പെൻസറുകളുടെ പരിശോധനയ്ക്ക് അനുമതി

**ന്യൂഡൽഹി:** ഇന്ത്യയിലെ ലീഗൽ മെട്രോളജി സംവിധാനം കൂടുതൽ ശക്തിപ്പെടുത്താനും രാജ്യത്തെ അളവുതൂക്ക പരി ശോധനാ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കാനും ലക്ഷ്യമിട്ട് കേന്ദ്ര ഉപഭോക്തൃകാര്യ, ഭക്ഷ്യപൊതുവിതരണ മന്ത്രാലയത്തിന് കീഴിലെ ഉപഭോക്തൃകാര്യ വകുപ്പ് 2013ലെ ലീഗൽ മെട്രോളജി ചട്ടങ്ങളിൽ ഭേദഗതി വരുത്തി.

പെട്രോൾ/ഡീസൽ ഡിസ്പെൻസറുകൾ, സിഎൻജി ഡി സ്പെൻസറുകൾ, എൽപിജി ഡിസ്പെൻസറുകൾ, എൽഎൻ ജി ഡിസ്പെൻസറുകൾ, ഹൈഡ്രജൻ ഡിസ്പെൻസറുകൾ എന്നിങ്ങനെ അഞ്ച് പുതിയ ഇന്ധന ഡിസ്പെൻസറുകൾ ഗവ ണ്മെന്റ് അംഗീകൃത പരിശോധനാ കേന്ദ്രങ്ങളുടെ ചട്ടക്കൂടിന് കീഴിലാക്കി. പരിശോധനാ സേവനങ്ങളുടെ ലഭ്യത വർധിപ്പി ക്കാനും കാര്യക്ഷമത മെച്ചപ്പെടുത്താനും വഴിയൊരുക്കുന്ന ഈ നടപടി രാജ്യത്തുടനീളം പരിസ്ഥിതി സൗഹൃദ ഇന്ധ നങ്ങളുടെ കൂടിവരുന്ന ഉപയോഗത്തിന് പിന്തുണ നൽകുമെ ന്നാണ് പ്രതീക്ഷിക്കപ്പെടുന്നതെന്ന് ഉപഭോക്തൃകാര്യ, ഭക്ഷ്യ, പൊതുവിതരണ മന്ത്രാലയം വ്യക്തമാക്കി. അഞ്ച് പുതിയ ഉ പകരണങ്ങൾ ഉൾപ്പെടുത്തിയതോടെ ലീഗൽ മെട്രോളജി ച ട്ടക്കൂടിന് കീഴിൽ ആകെ 23 വിഭാഗം അളവുതൂക്ക ഉപകരണ ങ്ങളുടെ പരിശോധനയും പുനഃപരിശോധനയും നടത്താൻ ഗ വണ്മെന്റ് അംഗീകൃത പരിശോധനാ കേന്ദ്രങ്ങൾക്ക് സാധി ക്കും. രാജ്യത്തുടനീളം പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങളുടെ ഉപയോഗം വർധിച്ചുവരുന്ന സാഹചര്യത്തിലാണ് സിഎൻജി, എൽഎൻജി, ഹൈഡ്രജൻ ഇന്ധന വിതരണ ഉപകരണങ്ങളെ ഗവണ്മെന്റ് അംഗീകൃത പരിശോധന കേന്ദ്രങ്ങളുടെ ചട്ടക്കൂ ടിന് കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൃത്യമായ ഇന്ധന വിതരണം ഉറപ്പാക്കാനും ഇടപാടുകളിൽ കൂടുതൽ സുതാര്യ ത കൊവരാനും ഈ നടപടി സഹായിക്കും.

ലീഗൽ മെട്രോളജി നിയമങ്ങൾക്കും ചട്ടങ്ങൾക്കും കീഴിൽ നിർദിഷ്ട അളവുതൂക്ക പരിശോധനയും പുനഃപരിശോധനയും നടത്താനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക വൈദഗ്ധ്യവുമുള്ള അംഗീകൃത സംവിധാനങ്ങളാണ് ഗവ ണ്മെന്റ് അംഗീകൃത പരിശോധനാ കേന്ദ്രങ്ങൾ. യോഗ്യത യുള്ള സ്വകാര്യ ലബോറട്ടറികളെയും വ്യവസായങ്ങളെയും പങ്കാളികളാക്കി രാജ്യത്തിന്റെ പരിശോധനാ ശേഷി വർധി പ്പിക്കാനും പരിശോധനാ സേവനങ്ങൾ ഉയർന്ന തോതിൽ ലഭ്യമാക്കാനും ഈ ചട്ടക്കൂട് സഹായിക്കുന്നു. പരിഷ്കരിച്ച ചട്ടങ്ങൾ പ്രകാരം പെട്രോൾ, ഡീസൽ ഡിസ്പെൻസറുകളു ടെ പരിശോധനാ ഫീസ് ഒരു നോസിലിന് 5,000 രൂപയായും സിഎൻജി, എൽപിജി, എൽഎൻജി, ഹൈഡ്രജൻ ഡിസ്പെൻ സറുകളുടെ ഫീസ് ഒരു നോസിലിന് 10,000 രൂപയായും നി ശ്ചയിച്ചിട്ടുണ്ട്.

# ബക്രീദ് അവധി : പാസ്പോർട്ട്, പിസിസി അപ്പോയിന്റ്മെന്റുകൾ മെയ് 27ലേക്ക് മാറ്റി

**കൊച്ചി:** ബക്രീദ് പ്രമാണിച്ച് അവധിയിൽ മാറ്റം വന്നതിനെത്തുടർന്ന്, കൊച്ചി റീജിയണൽ പാസ്പോർട്ട് ഓഫീസ്, ആലപ്പുഴ, ആലുവ, കോട്ടയം, കരിങ്ങാച്ചിറ (കൊച്ചി), തൃശൂർ എന്നിവിടങ്ങളിലെ പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ, ചെങ്ങന്നൂർ, കട്ടപ്പന, ലക്ഷദ്വീപ്, നെന്മാറ, പാലക്കാട് എന്നിവിടങ്ങളിലെ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ (പിഒപിഎസ്കെ) എന്നിവ മെയ് 27ന് (ബുധനാഴ്ച) പ്രവർത്തിക്കുന്നതും, മെയ് 28ന് അവധിദിനമാവുകയും ചെയ്യും. അതിനാൽ മെയ് 28ന് ബുക്ക് ചെയ്ത എല്ലാ പാസ്പോർട്ട്, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (പിസിസി) അപ്പോയിന്റ്മെന്റുകളും മെയ് 27ലേക്ക് മാറ്റിയതായി അധികൃതർ അറിയിച്ചു.

മെയ് 28ന് പാസ്പോർട്ട്, പിസിസി അപേക്ഷകൾ സമർപ്പിക്കുന്നതിനായി അപ്പോയിന്റ്മെന്റുകൾ ബുക്ക് ചെയ്ത അപേക്ഷകർക്ക് മെയ് 27ന് അതത് പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ/പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രങ്ങളിൽ, ആദ്യം അനുവദിച്ച അതേ സമയക്രമത്തിൽ റിപ്പോർട്ട് ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0484-2315152 (ഫോൺ), rpo.cochin@cpo.gov.in (ഇമെയിൽ) അല്ലെങ്കിൽ 9447731152 (വാട്ട്സ്ആപ്പ്) എന്നിവയിൽ ബന്ധപ്പെടുക.

# ലുലു സ്റ്റൈൽ ഐക്കൺ പുരസ്കാരം ഏറ്റുവാങ്ങി നസ്ലിൻ




**കൊച്ചി:** ലുലു ഫാഷൻ വീക്ക് പത്താം എഡിഷന്റെ സ്റ്റൈൽ ഐക്കൺ പുരസ്കാരം ഏറ്റുവാങ്ങി നടൻ നസ്ലിൻ. സ്പോർട്ട്സ് അവതാരകനായ ഷൈജു ദാമോദരിന്റെ കമൻട്രിയോടെയാണ് നസ്ലിനെ ലുലു ഫാഷൻ വേദി സ്വീകരിച്ചത്. നസ്ലിനെ ലുലു കൊച്ചി ഡയറക്ടർ സാദിഖ് കാസിം പൊന്നാട ചാർത്തി. സ്റ്റൈൽ ഐക്കൺ പുരസ്കാരം ഷൈജു ദാമോദരനും ലുലു റീജണൽ ഡയറക്ടർ സുധീഷ് ചെരിയിലും, ലുലു മീഡിയ ഹെഡ് എൻ.ബി സ്വരാജും ചേർന്ന് സമ്മാനിച്ചു.ചടങ്ങിൽ വിവിധ റീട്ടെയിൽ ബ്രാൻഡുകൾക്കുള്ള പുരസ്കാര ദാനവും അരങ്ങേറി.
മോസ്റ്റ് പ്രിഫേഡ് മെൻസ് വെയർ അവാർഡ് ബ്ലാക്ക്ബെറീസിന് സമ്മാനിച്ചു. ഏറ്റവും ജനപ്രിയമായ വുമൺ എത്തിനിക്ക് ബ്രാൻഡിനുള്ള അവാർഡ് അമുക്തി നേടി. മോസ്റ്റ് പ്രിഫേർഡ് മെൻസ്സ് സ്റ്റൈൽ പുരസ്കാരം കില്ലറും, മോസ്റ്റ് പ്രിഫേർഡ് ഡെനിം ബ്രാൻഡിനുള്ള പുരസ്കാരം ലിവൈസും ഏറ്റുവാങ്ങി.

# ടെക്കികളുമൊത്ത് കാൽപ്പന്ത് തട്ടി നഗരസഭാംഗങ്ങൾ



**കൊച്ചി:** ഇൻഫോപാർക്ക് ഫുട്ബോൾ ടൂർണമെന്റിന്റെ മൂന്നാം സീസണിലെ ക്വാർട്ടർ ഫൈനൽ, സെമിഫൈനൽ മത്സരങ്ങൾക്ക് മുന്നോടിയായി തൃക്കാക്കര നഗരസഭ കൗൺസിലർമാരും കാൽപൈൻ മാസ്റ്റേഴ്സും തമ്മിൽ നടത്തിയ പ്രദർശന ഫുട്ബോൾ മത്സരം കൗതുകമായി. കാക്കനാട് യുണൈറ്റഡ് സ്പോർട്സ് സെന്ററിലാണ് മത്സരങ്ങൾ നടന്നത്.

ഫുട്ബോൾ ടൂർണമെന്റിന്റെ സംഘാടകരായ ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന കാൽപൈൻ ഗ്രൂപ്പാണ് തൃക്കാക്കര നഗരസഭ കൗൺസിലർമാരുമായുള്ള പ്രദർശന ഫുട്ബോൾ മത്സരം എന്ന ആശയം മുന്നോട്ടുവച്ചത്. മത്സരത്തിൽ തൃക്കാക്കര നഗരസഭ ഒന്നിനെതിരെ 2 ഗോളുകൾക്ക് വിജയിച്ചു.

മത്സരത്തിലെ മികച്ച കളിക്കാരനായി തൃക്കാക്കര കൗൺസിലർ ഷാജി വാഴക്കാലയെ തിരഞ്ഞെടുത്തു. ഇൻഫോപാർക്ക് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് ആൻഡ് കസ്റ്റമർ റിലേഷൻസ് ഓഫീസർ ശ്വേത പ്രമോദ് വിജയികൾക്ക് പുരസ്കാരങ്ങൾ നൽകി.

# ഏലിയാസ് ജോർജ് ഫെഡറൽ ബാങ്ക് ചെയർമാൻ



**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ പാർട് ടൈം ചെയർമാനായി ഏലിയാസ് ജോർജ്ജിനെ നിയമിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അംഗീകാരം നൽകി. മൂന്നു വർഷത്തേക്കാണ് നിയമനം. 2023 സെപ്റ്റംബർ 5 മുതൽ ബാങ്കിന്റെ സ്വതന്ത്ര ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് നേവൽ ആർകിടെക്ച്ചർ ആൻഡ് ഷിപ്പ് ബിൽഡിംഗിൽ ബിരുദവും പാരീസിലെ ഇൻസ്റ്റിറ്റിയൂട്ട് ഇന്റർനാഷണൽ അഡ്മിനിസ്ട്രേഷൻ പബ്ലിക്കിൽ നിന്ന് പബ്ലിക് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദവുമെടുത്ത ഏലിയാസ് ജോർജ് ഹാർവാർഡ് കെന്നഡി സ്കൂൾ ഓഫ് ഗവർമെന്റ് ഉൾപ്പെടെ യു എസിലെയും ഇന്ത്യയിലെയുമുള്ള സ്ഥാപനങ്ങളിൽ മാനേജ്മെന്റ് ഡെവലപ്മെന്റ് കോഴ്സുകൾ ചെയ്തിട്ടുണ്ട്. വിവിധ കേന്ദ്ര മന്ത്രാലയങ്ങളിലും സംസ്ഥാന സർക്കാർ സർവീസിലുമായി 35 വർഷം ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഉദ്യോഗസ്ഥനായിരുന്നു. വിരമിച്ച ശേഷം കൺസട്ടിങ് കമ്പനിയായ കെപിഎംജി ഇന്ത്യയിൽ ഉന്നത പദവി വഹിച്ചു. കേരളസർക്കാരിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയും തുടർന്ന് കൊച്ചി മെട്രോയുടെ മേധാവിയുമായിരുന്നു. കൂടാതെ യൂണിഫൈഡ് മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അഥോറിറ്റിയുടെ ചെയർമാനായും ഏലിയാസ് ജോർജ് സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# ഫിലിക്സ് സ്മാർട്ട് ലൈറ്റ് ഹബ് ശൃംഖല വിപുലീകരിച്ച് സിഗ്നിഫൈ

**കൊച്ചി:** സിഗ്നിഫൈ രാജ്യത്തുടനീളം ഫിലിപ്സ് സ്മാർട്ട് ലൈറ്റ് ഹബ് ശൃംഖല 345 സ്റ്റോറുകളായി വിപുലീകരിച്ചു. സ്മാർട്ട്, കണക്റ്റഡ് ഹോം ലൈറ്റിംഗ് പരിഹാരങ്ങളിലേക്കുള്ള ഉപഭോക്തൃ താൽപര്യം വർധിക്കുന്ന പശ്ചാത്തലത്തിലാണ് ഈ നീക്കം. മെയ് മാസത്തിൽ മാത്രം നോയിഡ, ഡൽഹി, ബെംഗളൂരു, ഹൈദരാബാദ്, ചെന്നൈ, വിജയവാഡ എന്നിവയുൾപ്പെടെയുള്ള നഗരങ്ങളിൽ 15 പുതിയ സ്മാർട്ട് ലൈറ്റ് ഹബുകൾ ആരംഭിക്കുമെന്ന് കമ്പനി അറിയിച്ചു. അലങ്കാര, ഫംഗ്ഷണൽ, സ്മാർട്ട് ലൈറ്റിംഗ് ഉൽപ്പന്നങ്ങൾ ഒരുമിച്ച് പരിചയപ്പെടാനാകുന്ന അനുഭവ കേന്ദ്രങ്ങളായിരിക്കും ഈ സ്റ്റോറുകൾ. സാങ്കേതികവിദ്യ, ഡിസൈൻ, വ്യക്തിഗത അനുഭവം, ഊർജക്ഷമത എന്നിവ സംയോജിപ്പിച്ച ലൈറ്റിംഗ് പരിഹാരങ്ങളിലേക്കുള്ള ഇന്ത്യൻ ഉപഭോക്താക്കളുടെ വർധിച്ചുവരുന്ന താൽപര്യമാണ് വ്യാപനത്തിന് പിന്നിലെന്ന് സിഗ്നിഫൈ അറിയിച്ചു

# കൽസിക് ലെജൻഡ്സ് സർവീസ് ക്യാമ്പ് സംഘടിപ്പിക്കുന്നു

**കൊച്ചി:** ക്ലാസിക് ലെജൻഡ്സ് രാജ്യത്തെ ജാവ, യെസ്ഡി, ബിഎസ്എ ഡീലർഷിപ്പ് ശൃംഖലയിലുടനീളം മേയ് 31 വരെ 'ലെജൻഡ്സ് കെയർ ക്യാമ്പ്' സംഘടിപ്പിക്കുന്നു. വാഹനങ്ങളുടെ സമഗ്ര പരിശോധനയും സർവീസ്, സ്പെയർ പാർട്സ്, ജെന്യുവിൻ ആക്സസറികൾ എന്നിവയ്ക്ക് പ്രത്യേക ആനുകൂല്യങ്ങളും ക്യാമ്പിൽ ലഭ്യമാകുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. പരിശീലനം നേടിയ ടെക്നീഷ്യൻമാർ എൻജിൻ, ബ്രേക്ക്, ക്ലച്ച്, ബാറ്ററി, ടയർ തുടങ്ങി 72 പോയിന്റുകളിൽ പരിശോധന നടത്തും. മഴക്കാലത്തിന് മുൻപായി വാഹനങ്ങളുടെ സുരക്ഷയും പ്രകടനവും ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമെന്ന് കമ്പനി അറിയിച്ചു. ക്യാമ്പ് കാലയളവിൽ ഫിനാൻസ്, എക്സ്ചേഞ്ച് ഓഫറുകളും ഉപഭോക്താക്കൾക്ക് ലഭ്യമാകും.

# ആശ്വാസകിരണം പദ്ധതി: ഗുണഭോക്താക്കൾ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കണം

**തിരുവനന്തപുരം:** കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന ആശ്വാസകിരണം പദ്ധതിയുടെ ധനസഹായം നിലവിൽ ലഭിച്ചു വരുന്ന ഗുണഭോക്താക്കൾ തുടർ ധനസഹായം ലഭിക്കുന്നതിനായി സാമൂഹ്യസുരക്ഷാമിഷന്റെ വെബ്സൈറ്റിൽ (www.oscialsecurtiymission.gov.in) നൽകിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള (ആധാർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയ) ലൈഫ് സർട്ടിഫിക്കറ്റ് നേരിട്ടോ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം 12 വിലാസത്തിലോ ജൂൺ 10നകം ലഭ്യമാക്കണം.

ആശ്വാസകിരണം ധനസഹായത്തിനായി 2018 ഏപ്രിൽ ഒന്നു മുതൽ അപേക്ഷ സമർപ്പിച്ചവരിൽ ഇതുവരെയും ധനസഹായം ലഭിച്ചിട്ടില്ലാത്തവർ www.oscialsecurtiymission.gov.in ൽ നൽകിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള പുതുക്കിയ വ്യക്തി വിവരങ്ങളും ലൈഫ് സർട്ടിഫിക്കറ്റും അനുബന്ധ രേഖകകൾ സഹിതം ജൂൺ 10 നകം ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക്: 04712341200, 18001201001.

# പുതിയ വെഡിംഗ് വാച്ചുകളുടെ ശേഖരം അവതരിപ്പിച്ച് സൊണാറ്റ




**കൊച്ചി:** സൊണാറ്റ പുതിയ വെഡിംഗ് വാച്ചുകളുടെ ശേഖരം അവതരിപ്പിച്ചു. കോർഡിനേറ്റഡ് പെയർ വാച്ചുകളും ഉത്സവഛായയുള്ള ഡിസൈൻ ശൈലികളും ഒന്നിച്ചു ചേർന്നതാണ് പുതിയ വെഡിംഗ് കളക്ഷൻ വാച്ചുകൾ. സ്വർണ്ണ നിറത്തിലുള്ള മനോഹരമായ ഡിസൈനുകൾ, മൾട്ടിഫംഗ്ഷൻ ഡയലുകൾ, മികച്ച മെറ്റാലിക് സ്ട്രാപ്പുകൾ, വൈവിധ്യമാർന്ന ഫെസ്റ്റീവ് ലുക്ക് എന്നിവ ഈ വാച്ച് ശേഖരത്തിന്റെ സവിശേഷതകളാണെന്ന് കമ്പനി അധികൃതർ അറിയിച്ചു. മികച്ച സ്റ്റൈലിംഗും വൈവിധ്യവും കോർത്തിണക്കി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ വാച്ചുകളിൽ മൾട്ടിഫംഗ്ഷൻ ഡയലുകൾ, ടെക്സ്ചേർഡ് മെറ്റാലിക് ബ്രേസ്‌ലെറ്റുകൾ, ആകർഷകമായ റൗണ്ട് കേസുകൾ, സമകാലിക ഡയൽ ഡിറ്റെയ്‌ലിംഗുകൾ എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. പുരുഷന്മാരുടെ കളക്ഷനിൽ മൾട്ടിഫംഗ്ഷൻ ഗ്രീൻ, ബ്ലൂ ഡയലുകൾ, ഗോൾഡ് ഫിനിഷുകൾ, ആകർഷകമായ മെറ്റാലിക് നിർമ്മിതികൾ എന്നിവയോടെ ബോൾഡ് ഫെസ്റ്റീവ് സ്റ്റൈലിംഗിന് പ്രാധാന്യം നൽകുമ്പോൾ, സ്ത്രീകളുടെ ശേഖരം ലളിതമായ വൈറ്റ്, ഷാംപെയ്ൻ ഡയലുകൾ, സ്ലിം ബ്രേസ്‌ലെറ്റുകൾ, ആഭരണങ്ങളെ അനുസ്മരിപ്പിക്കുന്ന ഡിസൈനുകൾ എന്നിവയിലൂടെ മൃദുവായ ചാരുതയാണ് നൽകുന്നത്. പുതിയ വാച്ചുകൾക്കൊപ്പം ആധുനിക ഇന്ത്യൻ വിവാഹങ്ങളുടെ പുത്തൻ മുഖം അവതരിപ്പിക്കുന്ന സൊനാറ്റയുടെ 'ഗ്രോ, ടുഗതർ' വെഡിംഗ് കാമ്പയിനും തുടക്കമായി. 1495 രൂപ മുതൽ 4495 രൂപ വരെയാണ് സൊണാറ്റ വെഡിംഗ് കളക്ഷന്റെ വില. ഇന്ത്യയിലുടനീളമുള്ള സോനാറ്റ സ്റ്റോറുകൾ, ടൈറ്റൻ വേൾഡ് ഔട്ട്‌ലെറ്റുകൾ, പ്രമുഖ റീട്ടെയിൽ ഷോപ്പുകൾ എന്നിവ വഴിയും ഓൺലൈനായി www.osnatawatches.in ലും ഇവ ലഭ്യമാണ്.

# ആസ്റ്റർ മെഡ്സിറ്റി 'ഗ്രോത്ത് ഫോറം' പത്താം പതിപ്പിന് തുടക്കം




**കൊച്ചി:** ആസ്റ്റർ മെഡ്സിറ്റിയുടെ ബിസിനസ് ഡെവലപ്മെന്റ് ഇനിഷ്യേറ്റീവായ 'ഗ്രോത്ത് ഫോറം' പത്താം പതിപ്പ് കായികയുവജനകാര്യ വകുപ്പ് മന്ത്രി അഡ്വ. ഒ. ജെ. ജനീഷും ആസ്റ്റർ മെഡ്സിറ്റിയുടെ സാമൂഹിക പ്രതിബദ്ധത മുൻനിർത്തിയുള്ള സംരംഭമായ 'ബാക്ക് ടു സ്കൂൾ' പദ്ധതി പുതുപ്പള്ളി എം.എൽ.എ അഡ്വ. ചാണ്ടി ഉമ്മനും ഉദ്ഘാടനം ചെയ്തു.

. നമ്മുടെ നാട്ടിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗം കുറയ്ക്കുന്നതിന് വേണ്ടി സർക്കാർ വിവിധ ക്യാമ്പയിനുകൾക്ക് പദ്ധതിയിടുന്നുന്നും അതിൽ ആസ്റ്റർ പോലെയുള്ള സ്ഥാപനങ്ങളുടെ സഹകരണം അനിവാര്യമാണെന്നും മന്ത്രി ഒ ജെ ജനീഷ് പറഞ്ഞു. ചടങ്ങിൽ മന്ത്രി പറഞ്ഞു. ആസ്റ്ററിന്റെ രോഗി കേന്ദ്രീകൃത സമീപനത്തിനെ പ്രത്യേകം അഭിനന്ദിച്ച അദ്ദേഹം, ചികിത്സ തേടുമ്പോൾ ഒരു രോഗി നോക്കുന്ന ഏറ്റവും പ്രധാന കാര്യവും അത്തരം സമർപ്പിത പരിചരണമാണെന്നും കൂട്ടിച്ചേർത്തു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുന്ന ആസ്റ്ററിന്റെ പദ്ധതിയായ ബാക്ക് ടു സ്കൂളിന്റെ മൂന്നാം പതിപ്പിന് ആസ്റ്ററിലെ ശുചീകരണ വിഭാഗം ജീവനക്കാരുടെ കുടുംബങ്ങളിലെ കുട്ടികൾക്ക് നൽകിക്കൊണ്ടാണ് എം.എൽ.എ അഡ്വ. ചാണ്ടി ഉമ്മൻ തുടക്കം കുറിച്ചത്. മെഡ്സിറ്റി നോളഡ്ജ് ഹബ്ബിൽ നടന്ന ചടങ്ങിൽ നന്ദിലത്ത് ജിമാർട്ട് മാനേജിംഗ് ഡയറക്ടറും സംരംഭകയുമായ ഐശ്വര്യ നന്ദിലത്ത്, വിവിധ ഡോക്ടർമാർ, ബിസിനസ് രംഗത്തെ പ്രമുഖർ പങ്കെടുത്തു. പുതിയ കാലത്തെ ബിസിനസ്സ് വളർച്ചാ സാധ്യതകളെക്കുറിച്ചും ലീഡർഷിപ്പ് ട്രെൻഡുകളെക്കുറിച്ചുമുള്ള ചർച്ചകൾ നടന്നു. ആസ്റ്റർ മെഡ്സിറ്റിയുടെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. ഷുഹൈബ് ഖാദർ തുടങ്ങിയവരും പങ്കെടുത്തു.

# കെ.പി.എൽ: പകരംവീട്ടി കാലിക്കറ്റ് എഫ്സി



**തൃശൂർ:** ഗ്രൂപ്പ് ഘട്ടത്തിലേറ്റ തോൽവിക്ക് റിയൽ മലബാർ എഫ്സിയോട് പകരംവീട്ടി കാലിക്കറ്റ് എഫ്സി. തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന കേരള പ്രീമിയർ ലീഗ് (കെപിഎൽ) 2025-26 സൂപ്പർ എട്ട് പോരാട്ടത്തിൽ എതിരില്ലാത്ത രണ്ട് ഗോളുകൾക്കായിരുന്നു കോഴിക്കോടിന്റെ സ്വന്തം ടീമിന്റെ ജയം. ടീമിനായി അർപ് കോന്യാക് (18'), മനോജ് (56') എന്നിവർ ഗോളുകൾ നേടി. സൂപ്പർ 8 ഘട്ടത്തിലെ ഇതുവരെയുള്ള എല്ലാ മത്സരങ്ങളും ജയിച്ച ടീം ഒന്നാം സ്ഥാനത്ത് തുടരുകയാണ്. നായകൻ അർജുൻ ജയരാജിന്റെ നേതൃത്വത്തിൽ തുടക്കം മുതൽ തന്നെ ആക്രമിച്ച് കളിക്കാനാണ് കാലിക്കറ്റ് എഫ്സി തന്ത്രം മെനഞ്ഞത്. റിയൽ മലബാറിന്റെ പെനാൽറ്റി ബോക്സിൽ നിരന്തരം അപകടം വിതച്ച കാലിക്കറ്റിന് 18ാം മിനിറ്റിൽ തന്നെ അതിനുള്ള പ്രതിഫലം ലഭിച്ചു. ലാൽ സ്വമ്പ്യൂയ എടുത്ത കോർണർ കിക്കിൽ നിന്നായിരുന്നു ഗോളിന്റെ പിറവി. കോർണർ കിക്ക് ഹാഷിർ കൃത്യമായൊരു ഹെഡറിലൂടെ അർപ് കോന്യാകിന് മറിച്ചു നൽകി. പന്ത് കോന്യാക് യാതൊരു പിഴവുമില്ലാതെ പന്ത് വലയിലേക്ക് ചെത്തിയിട്ടതോടെ കാലിക്കറ്റിന് അർഹിച്ച ലീഡ് (10).ആദ്യ ഗോൾ വഴങ്ങിയതോടെ ഉണർന്നുകളിച്ച റിയൽ മലബാർ സമനിലയ്ക്കായി കിണഞ്ഞു ശ്രമിച്ചു. രണ്ടാം പകുതിയുടെ തുടക്കത്തിൽ ഇരു ടീമുകളും കരുതലോടെയാണ് പന്തുതട്ടിയത്. എന്നാൽ 55ാം മിനിറ്റിൽ കളി മാറിമറിഞ്ഞു. സ്വന്തം പകുതിയിൽ നിന്ന് പന്തുമായി കുതിച്ച കാലിക്കറ്റിന്റെ ഷംനാദിനെ പെനാൽറ്റി ഏരിയയ്ക്ക് തൊട്ടരികിൽ വെച്ച് റിയൽ മലബാർ പ്രതിരോധം വീഴ്ത്തി. തുടർന്ന് ലഭിച്ച ഫ്രീകിക്ക് എടുത്ത ഹാഷിറിന്റെ തകർപ്പൻ ഷോട്ട് റിയൽ മലബാർ ഗോളി തടുത്തുമാറ്റിയെങ്കിലും പന്ത് കൈപ്പിടിയിലൊതുക്കാൻ കഴിഞ്ഞില്ല. റീബൗണ്ട് ചെയ്തുവന്ന പന്തിനായി കാത്തുനിന്ന കാലിക്കറ്റ് പ്രതിരോധതാരം മനോജ് ഒരു സ്ട്രൈക്കറുടെ മികവോടെ പന്ത് വലയിലാക്കിയപ്പോൾ കോഴിക്കോടൻ പടയുടെ ലീഡ് ഇരട്ടിയായി (20). വിജയക്കുതിപ്പ് തുടരുന്ന കാലിക്കറ്റ് എഫ്സിയുടെ സൂപ്പർ എട്ടിലെ അവസാന മത്സരം മെയ് 26 ന് രാത്രി എട്ടു മണിക്ക് തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ ഗോകുലം കേരള എഫ്സിക്കെതിരെയാണ്.

